ചിമ്മിണ്ടി നീലകേശി ദേവീക്ഷേത്രം അമ്മയിറക്ക് ഉത്സവം

വെള്ളറട: കുന്നത്തുകാൽ ചിമ്മിണ്ടി നീലകേശി ദേവീക്ഷേത്രത്തിലെ അമ്മയിറക്ക് ഉത്സവം ആരംഭിച്ചു. 23ന് സമാപിക്കും. ഉത്സവ ദിനങ്ങളിൽ എഴുന്നള്ളിപ്പ്, ഹോമങ്ങൾ, പൂജകൾ, അന്നദാനം, വൈകിട്ട് വിവിധ കലാപരിപാടികൾ എന്നിവ നടക്കും. ഇന്ന് രാത്രി 7ന് തമിഴ്നാട് എംഎൽഎ നയിനാർ നാഗേന്ദ്രൻ വിവിധ പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിക്കും. ട്രസ്റ്റ് പ്രസിഡന്റ് ഡി. നടരാജൻ നായർ അധ്യക്ഷനാകും. ചേങ്കോട്ടുകോണം ശ്രീരാമദാസ ആശ്രമം അധ്യക്ഷൻ സ്വാമി ബ്രഹ്മപാദാനന്ദ സരസ്വതി തുടങ്ങിയവർ പങ്കെടുക്കും. 16ന് രാവിലെ 10ന് മെഡിക്കൽ ക്യാംപ്, വൈകിട്ട് 5ന് ഭജന തുടർന്ന് വിവിധ കലാപരിപാടികൾ. 17ന് വൈകിട്ട് 7ന് ഹൈന്ദവ ധർമ പ്രഭാഷണം. 18ന് രാവിലെ 10ന് ആയുർവേദ മെഡിക്കൽ ക്യാംപ്, രാത്രി 9ന് നാടകം. 19ന് വൈകിട്ട് 5ന് മാതൃസംഗമം, 7ന് ഹൈന്ദവ ധർമ പ്രഭാഷണം. 20ന് രാവിലെ 10ന് നേത്ര പരിശോധന ക്യാമ്പ്. 21ന് വൈകിട്ട് 4ന് സാംസ്കാരിക ഘോഷയാത്ര, വൈകിട്ട് 8.30ന് അഗ്നിക്കാവടിയും പാൽക്കാവടിയും മഞ്ഞൾ നീരാട്ടും. 22ന് രാവിലെ 8ന് ഉരുൾ നേർച്ച, രാത്രി 7.30ന് സാംസ്കാരിക സമ്മേളനം 9ന് ഗാനമേള. 23ന് രാവിലെ 9.55ന് സമൂഹ പൊങ്കാല, 11.30ന് സമൂഹ സദ്യ, വൈകിട്ട് 3.30ന് നിലത്തിൽ പോർ, 4.30ന്കുത്തിയോട്ടം, താലപ്പൊലി. തിരിച്ചെഴുന്നള്ളത്ത്, കലശപൂജ, പുഷ്പാഭിഷേകം,സ്ഥിരംക്ഷേത്രത്തിൽ കുടിയിരുത്ത് എന്നിവയോടെ ഉത്സവം സമാപിക്കും.

പുന:പ്രതിഷ്ഠ

തിരുവനന്തപുരം: കരമന പള്ളിത്താനം മണ്ണടി ശ്രീ ഭഗവതി മഹാദേവർ ക്ഷേത്രത്തിലെ ഗണപതിയുടെ പുന:പ്രതിഷ്ഠാ ചടങ്ങുകൾ ക്ഷേത്ര തന്ത്രി തിരുവല്ല തെക്കേടത്തില്ലം സുബ്രഹ്മണ്യൻ നാരായണ ഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ 15,16,17 തിയതികളിൽ നടക്കും. വിശേഷാൽ പൂജകൾ, അന്നദാനം തുടങ്ങി വിവിധ ചടങ്ങുകളും ഇതോടൊപ്പം നടക്കും. പ്രധാന ചടങ്ങായ പുന:പ്രതിഷ്ഠ 17ന് ഉച്ചയ്ക്ക് 12നും 12.30 നും ഇടയ്ക്കുള്ള മുഹൂർത്തത്തിൽ നടക്കും. ക്ഷേത്ര മേൽശാന്തി ചെങ്കൽ കൃഷ്ണമംഗലം പള്ള കൂടി വിഷ്ണു പോറ്റി, ക്ഷേത്ര തന്ത്രി തിരുവല്ല തെക്കേടത്തില്ലം സുബ്രഹ്മണ്യൻ നാരായണൻ ഭട്ടതിരിപ്പാട് എന്നിവർ മുഖ്യകാർമ്മികത്വം വഹിക്കുമെന്ന് പ്രസിഡന്റ് അഡ്വ. ഷാജി സദാശിവൻ തമ്പിയും സെക്രട്ടറി എൽ.വി ശ്രീകുമാറും അറിയിച്ചു.

ഡിടിപി കോഴ്സിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കംപ്യൂട്ടർ ആൻഡ് ഡിടിപി ഓപ്പറേഷൻ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു. എസ്എസ്എൽസിയോ തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം പടിഞ്ഞാറേ കോട്ടയിലുള്ള കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ് സെന്ററിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 0471 2474720, 2467728.

നടരാജ ഗുരു ജയന്തി ആഘോഷവും പുസ്തക പ്രകാശനവും

തിരുവനന്തപുരം: നടരാജ ഗുരുവിന്റെ നൂറ്റിമുപ്പതാം ജയന്തി ആഘോഷവും ആർ.രാജേന്ദ്രനും രജനി രാജേന്ദ്രനും രചിച്ച പുസ്തകങ്ങളുടെ പ്രകാശനവും 18ന് രാവിലെ 10ന് ശിവഗിരി ശാരദാ മഠത്തിൽ നടക്കും. ചടങ്ങിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ പ്രകാശനം ചെയ്യും. ഡോ: ബി. എസ്. ബാലചന്ദ്രൻ, സ്വാമി അവ്യാനന്ദ, എന്നിവർ പുസ്തകം സ്വീകരിക്കും. സ്വാമി ബോധിതീർത്ഥ, സ്വാമി അസംഗാനന്ദഗിരി, പ്രൊഫ: ശിശുപാലൻ, സീരപാണി, ഡോ. കായംകുളം യൂനുസ് തുടങ്ങിയവർ പങ്കെടുക്കും.

കാൻസർ രോഗികൾക്ക് സഹായഹസ്തവുമായി എസ്യുടി

തിരുവനന്തപുരം: എസ്യുടി ആശുപത്രിയിൽ 20ന് രാവിലെ 9 മുതൽ വൈകുന്നേരം 5വരെ 'ഗിഫ്റ്റ് ഓഫ് കേൾസ് എ സിമ്പിൾ കട്ട്, എ പവർഫുൾ ട്രാൻസ്ഫോർമേഷൻ' എന്ന കേശദാന പരിപാടി നടത്തുന്നു. കാൻസർ രോഗികൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്നത് ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും, 9074700959, 7902793097 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

ശ്രീസ്വാതി തിരുനാൾ സംഗീത സഭയുടെ സംഗീത പരിപാടികൾ 16,17 തീയതികളിൽ

തിരുവനന്തപുരം: ശ്രീസ്വാതി തിരുനാൾ സംഗീത സഭയുടെ ഈ മാസത്തെ സംഗീത പരിപാടികൾ 16,17 തീയതികളിൽ കോട്ടയ്ക്കകം കാർത്തികതിരുനാൾ ആഡിറ്റോറിയത്തിൽ നടക്കും. 16ന് വൈകിട്ട് 6ന് സംഗീത കച്ചേരി, വോക്കൽ കോട്ടുകാൽ രഞ്ജിത്ത് വാര്യർ, വയലിൻ വൈക്കം പത്മകൃഷ്ണൻ, മൃദംഗം തൃശ്ശൂർ കെ. ജയകൃഷ്ണൻ, ഘടം വെള്ളാട്ടഞ്ഞൂർ ശ്രീജിത്ത്. 17ന് വൈകിട്ട് 6ന് ശ്രീകാര്യം വിളയിൽ തിയറ്റേഴ്സിന്റെ നാടകം കലിയൻ, 7.30ന് വരദമുദ്ര ടെമ്പിൾ ഓഫ് ഡാൻസ് അവതരിപ്പിക്കുന്ന ഡാൻസ്.

വരും ദിവസങ്ങളിൽ ചൂടേറും; ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്

തിരുവനന്തപുരം: വരും ദിവസങ്ങളില് ചൂട് കൂടാനുള്ള സാധ്യതയുണ്ടെന്ന കാലവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെ തുടർന്ന് ജാഗ്രത നിർദ്ദേശവുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നും മുന്നറിയിപ്പിൽ പറയുന്നു.

തീ പടരുന്നത് ഒഴിവാക്കം

മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണനിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീ പിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക. ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

ശ്രദ്ധിക്കാം...

പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. നിർജലീകരണമുണ്ടാക്കുന്ന പാനീയങ്ങൾ ഒഴിവാക്കുക.

അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവ ഉപയോഗിക്കുക

വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കേണ്ടതും വായു സഞ്ചാരം ഉറപ്പാക്കേണ്ടതുമാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്.

നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.

ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം.

അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.

ഗോവ ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള യജ്ഞശാലയിൽ ഭദ്രദീപം തെളിയിക്കുന്നു

ശ്രീ ശിവ പാർവതി ക്ഷേത്രത്തിൽ അതിരുദ്ര മഹായജ്ഞത്തിന് തിരി തെളിഞ്ഞു

പാറശ്ശാല: മഹേശ്വരം ശ്രീ ശിവ പാർവതി ക്ഷേത്രത്തിൽ ആറാമത് അതിരുദ്ര മഹായജ്ഞത്തിനും ശിവരാത്രി മഹോത്സവത്തിനും തിരി തെളിഞ്ഞു. സ്വാമി മഹേശ്വരാനന്ദ സരസ്വതിയുടെ സാന്നിധ്യത്തിൽ ഗോവ ഗവർണ്ണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള യജ്ഞശാലയിൽ ദീപം തെളിയിച്ചു. ചടങ്ങിൽ എ. വിൻസെന്റ് എംഎൽഎ, എസ്. രാജശേഖരൻ നായർ, പുഞ്ചക്കരി സുരേന്ദ്രൻ, ക്ഷേത്ര മേൽശാന്തി കുമാർ മഹേശ്വരം, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അജിത്കുമാർ ശിവശങ്കരൻ നായർ, അഡ്വ. ജയചന്ദ്രൻ, യജ്ഞാചാര്യൻ വീരമണി വാദ്ധ്യാർ, ക്ഷേത്ര ഭാരവാഹികൾ ഭക്തജനങ്ങൾ എന്നിവർ പങ്കെടുത്തു. മഹേശ്വരം ശ്രീശിവ പാർവതി ക്ഷേത്രത്തിൽ ആറാം തവണയാണ് അതിരുദ്രമഹായജ്ഞം നടക്കുന്നത്. സ്വാമി മഹേശ്വരാനന്ദ സരസ്വതി, തന്ത്രി ഗണേഷ് ലക്ഷ്മി നാരായണൻ പോറ്റി, യജ്ഞാചാര്യൻ വീരമണി വാദ്ധ്യാർ എന്നിവരുടെ കാർമികത്വത്തിലാണ് ചടങ്ങുകൾ. യജ്ഞത്തിൽ പങ്കെടുക്കാൻ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികർ ക്ഷേത്രത്തിൽ എത്തി തുടങ്ങി.

മരണത്തിലും മാതൃകാ അധ്യാപകൻ

നാല് പേർക്ക് പുതുജീവൻ നൽകി രാജേഷ് മാഷ് യാത്രയായി

ആർ. രാജേഷ്

വർക്കല: തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച അധ്യാപകന്റെ അവയവങ്ങൾ നാല് പേർക്ക് പുതുജീവൻ നൽകും. അമൃത എച്ച്എസ്എസ് പാരിപ്പള്ളിയിലെ അധ്യാപകനായ ആർ. രാജേഷിന്റെ (52) അവയവങ്ങളാണ് കേരളത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന നാല് പേർക്ക് ദാനം ചെയ്തത്. രണ്ട് വൃക്ക, രണ്ട് നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനും മറ്റൊന്ന് കിംസ് ആശുപത്രിയ്ക്കുമാണ് നൽകിയത്. നേത്രപടലം തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽ മോളജിക്ക് നൽകി. തിരുവനന്തപുരം വർക്കല തോപ്പുവിള കുരക്കണ്ണി മുണ്ടേയ്ൽ സ്വദേശിയായ ആർ. രാജേഷിനെ തലച്ചോറിലെ രക്തസ്രാവത്തെ തുടർന്നാണ് സ്വകാര്യ ആശുപത്രിയിൽ എട്ടിന് പ്രവേശിപ്പിച്ചത്. 13ന് മസ്തിഷ്ക മരണം സ്ഥിരീകരിച്ചു. തുടർന്ന് ഭാര്യ സംഗീത, മക്കൾ ഹരിശാന്ത്, ശിവശാന്ത് എന്നിവർ സമ്മതം നൽകിയതോടെ അവയവദാനത്തിന് വഴിയൊരുങ്ങി. സർക്കാരിന്റെ അവയവദാന പദ്ധതി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെസോട്ടോ) നേതൃത്വത്തിലാണ് അവയവമാറ്റ കൈമാറ്റ നടപടിക്രമങ്ങളും സ്വീകർത്താക്കളെ കണ്ടെത്താനുള്ള നടപടിയും നടന്നത്. രാജേഷിന്റെ സംസ്കാര ചടങ്ങുകൾ ഇന്ന് വർക്കലയിലെ വീട്ടിൽ നടക്കും.

ബണ്ടു റോഡിൽ മാലിന്യങ്ങൾക്ക് തീപിടിച്ചു

ഫോർട്ട്: ആറ്റുകാൽ ബണ്ടുറോഡിനു സമീപം കൂട്ടിയിട്ടിരുന്ന മാലിന്യങ്ങൾക്ക് തീപിടിച്ചത് പരിഭ്രാന്തി പരത്തി. വ്യാഴാഴ്ച പുലർച്ചെ ഒരു മണിയോടുകൂടിയായിരുന്നു സംഭവം. ഒഴിഞ്ഞ സ്ഥലത്തു കൂട്ടിയിട്ടിരുന്ന അരലോഡ് വരുന്ന മാലിന്യങ്ങൾക്കാണ് തീ പിടിച്ചത്. ആരെങ്കിലും അശ്രദ്ധമായി ചവർ കൂട്ടിയിട്ട് കത്തിച്ചപ്പോൾ പടർന്നു പിടിച്ചതാകാമെന്ന് ഫയർഫോഴ്സ് അധികൃതർ വ്യക്തമാക്കി. തിരുവനന്തപുരം നിലയത്തിൽ നിന്ന് സീനിയർ ഫയർ ആന്റ് റസ്ക്യൂ ഓഫീസർ ഷഫീന്റെ നേതൃത്വത്തിൽ ഒരു യൂണിറ്റ് സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി.

സീനിയർ യോഗ ചാമ്പ്യൻഷിപ്പ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

വെഞ്ഞാറമൂട്: ഒരു വ്യക്തിയുടെ മാനസിക ശാരീരിക ആരോഗ്യ പ്രശ്നങ്ങളെ ചെറുക്കാൻ യോഗ പ്രയോജനപ്പെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിൽ ആരംഭിച്ച 49-ാമത് സീനിയർ യോഗ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 10 വർഷം കൊണ്ട് സമ്പൂർണ കായിക സാക്ഷരത കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനുള്ള ശ്രമത്തിലാണ് സർക്കാരെന്നും മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ ഏഷ്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാൾ അധ്യക്ഷനായി. കായിക മന്ത്രി വി. അബ്ദുൽ റഹ്മാൻ മുഖ്യാതിഥിയായി. കോലിയക്കോട് കൃഷ്ണൻ നായർ, ഇന്ത്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് ഇന്ദു അഗർവാൾ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി. കോമളം, മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ എന്നിവർ സംസാരിച്ചു.

അനധികൃത കച്ചവടക്കാർക്ക് എതിരെ നടപടി

തിരുവനന്തപുരം: മെഡിക്കൽ കോളജ് ക്യാമ്പസിലെ അനധികൃത കച്ചവടക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആശുപത്രി പ്രിൻസിപ്പൽ അറിയിച്ചു. കഴിഞ്ഞ ദിവസം ശ്രീചിത്രയ്ക്കു സമീപത്തു കച്ചവടം നടത്തുന്നയാളിൽ നിന്ന് സുരക്ഷാ വിഭാഗം ജീവനക്കാർ ഇടിവള പിടികൂടിയിരുന്നു. ഇത്തരം കച്ചവടങ്ങൾ ആശുപത്രി പരിസരത്ത് സാമൂഹ്യ വിരുദ്ധർ തമ്പടിക്കുന്നതിനും സംഘർഷങ്ങളും മോഷണവും പതിവാകുന്നതിനും ഇടയാക്കുന്നുണ്ട്. എസ്റ്റേറ്റ് മാനേജർ ജി. ബി. രതീഷ്, സെക്യൂരിറ്റി ഓഫീസർ ഇൻചാർജ് വേണു, സാർജന്റ് ജോൺസൺ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

സെക്രട്ടേറിയറ്റിന് മുന്നിൽ ഫ്ളക്സ്: സർക്കാർ സമർപ്പിച്ച സത്യവാങ്മൂലം ഹൈക്കോടതി തള്ളി

കൊച്ചി: കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ (കെഎസ്ഇഎ) സെക്രട്ടേറിയറ്റിന് മുന്നിൽ അനധികൃതമായി കൂറ്റൻ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ഹൈക്കോടതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. സത്യവാങ്മൂലം ഹൈക്കോടതി തള്ളി.

അസോസിയേഷന്റെ നടപടി അച്ചടക്ക ലംഘനമാണോയെന്ന് സർക്കാർ പരാമർശിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ബെഞ്ച് സത്യവാങ്മൂലം തള്ളിയത്. ഈ വിഷയത്തിൽ അടുത്ത ആഴ്ചയോടെ പുതിയ സത്യവാങ്മൂലം സമർപ്പിക്കാൻ കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. പൊതുസ്ഥലങ്ങളിലും റോഡുകളിലും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടികൾ, ഫെസ്റ്റൂണുകൾ എന്നിവ സ്ഥാപിക്കുന്നതിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളാണ് പരിഗണിച്ചത്.

കെഎസ്ഇഎയുടെ സുവർണ ജൂബിലി മന്ദിരത്തിന്റെ ഉദ്ഘാടനം പ്രഖ്യാപിച്ച് സംസ്ഥാന സെക്രട്ടേറിയറ്റിന് മുന്നിൽ സ്ഥാപിച്ച കൂറ്റൻ ഫ്ളക്സ് ബോർഡ് അനധികൃതമായി സ്ഥാപിച്ച സംഭവത്തിൽ കോടതി പോലീസിനോട് റിപ്പോർട്ട് തേടിയിരുന്നു. തിരുവനന്തപുരം ശ്രീകാര്യത്ത് ബോർഡ് ഡിസൈനിംഗ് ഏജൻസി ഉടമ അഖിൽ ആണ് ബോർഡ് സ്ഥാപിച്ചത്. കെഎസ്ഇഎ പ്രസിഡന്റ് പി. ഹണിയും അസോസിയേഷൻ സെക്രട്ടറി അജിത് കുമാറും ചേർന്നാണ് ഇതിന് നിർദേശം നൽകിയതെന്നും പോലീസ് റിപ്പോർട്ട് ചെയ്തു. ഹേണി സർക്കാർ അഡീഷണൽ സെക്രട്ടറിയാണെന്നും അജിത് കുമാർ ഓഫീസ് അസിസ്റ്റന്റാണെന്നും ഇരുവരും പൊതുഭരണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവരാണെന്നും കോടതി ചൂണ്ടിക്കാട്ടി. തുടർന്ന്, പൊതുസ്ഥലങ്ങളിലെ അനധികൃത ബോർഡുകളും ബാനറുകളും നിരോധിച്ച സർക്കാർ ഉത്തരവ് ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ തുടർനടപടി സംബന്ധിച്ച് സംസ്ഥാനത്തോട് കോടതിയുടെ മുൻ ഉത്തരവിൽ സത്യവാങ്മൂലം ആവശ്യപ്പെടുകയായിരുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർക്കാർ ഉത്തരവുകൾ ലംഘിക്കുകയും അച്ചടക്കലംഘനം ഇല്ലെന്ന് സംസ്ഥാന ഭരണകൂടം പറയുകയും ചെയ്താൽ സ്ഥിതി എന്തായിരിക്കുമെന്ന് കോടതി ചോദിച്ചു. അത് അരാജകത്വമായി മാറും.' സത്യവാങ്മൂലത്തിൽ ഒരു കുറ്റപ്പെടുത്തൽ പോലും നിർദ്ദേശിച്ചിട്ടില്ല. എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതും പിഴ ഈടാക്കുന്നതും ഉൾപ്പെടെ ചില നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മാത്രമാണ് സർക്കാർ വ്യക്തമാക്കിയത്. ഈ ഒഴിഞ്ഞുമാറൽ മനോഭാവം കോടതിക്ക് അംഗീകരിക്കാനാവില്ല, ബെഞ്ച് പറഞ്ഞു.

കൂടാതെ, ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് അനധികൃത ബോർഡുകളും കൊടികളും നീക്കം ചെയ്യുന്നതിൽ ഏർപ്പെട്ടിരുന്ന മുനിസിപ്പൽ ഓഫീസർമാരെ വ്യക്തികൾ ഭീഷണിപ്പെടുത്തിയെന്ന പരാതിയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ആരോപണവിധേയമായ സംഭവത്തിൽ ഉന്നത ഉദ്യോഗസ്ഥൻ മുഖേന അന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവിക്ക് കോടതി നിർദ്ദേശം നൽകി. തമ്മനം ജംഗ്ഷനിൽ വ്യാപാരി സംഘടനകൾ അനധികൃതമായി ബോർഡ് സ്ഥാപിച്ചതിനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ സമർപ്പിക്കാൻ കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോട് കോടതി നിർദ്ദേശിച്ചു.

ആന്ധ്രപ്രദേശ് ഉപമുഖ്യമന്ത്രി തിരുവല്ലം ക്ഷേത്രത്തിൽ ദർശനം നടത്തി

തിരുവല്ലം: ആന്ധ്രപ്രദേശ് ഉപമുഖ്യമന്ത്രി പവൻ കല്യാൺ തിരുവല്ലം ക്ഷേത്രത്തിൽ ദർശനം നടത്തി. വ്യാഴാഴ്ച വൈകിട്ട് 6.40 ഓടെ കേരളീയ വേഷത്തിൽ ക്ഷേത്രത്തിലെത്തിയ അദ്ദേഹത്തെ മേൽശാന്തി പൂർണ്ണകുംഭം നൽകി സ്വീകരിച്ചു. തുടർന്ന് ശ്രീകോവിലെത്തി ദർശനം നടത്തി. നാലുവർഷം മുൻപുണ്ടായ ശാരീരിക ബുദ്ധിമുട്ടിനെ തുടർന്നാണ് കേരളത്തിലെ പരശുരാമ ക്ഷേത്രത്തിൽ ദർശനം നടത്താമെന്ന് തീരുമാനിച്ചത്. അതിനുശേഷം പരശുരാമനെ ധ്യാനിച്ചു തുടങ്ങിയ അദ്ദേഹത്തിന് രോഗ ശമനമായതോടെയാണ് ക്ഷേത്രത്തിലെത്തിയത്. ദർശനം നടത്തിയശേഷം ബലി മണ്ഡപത്തിൽ നടന്ന ഭജന കേട്ട് അല്പസമയം ചിലവഴിച്ചു. വീണ്ടും ക്ഷേത്രത്തിൽ എത്തുമെന്ന് ക്ഷേത്രഭാരവാഹികൾക്ക് ഉറപ്പ് നൽകിയാണ് പവൻ കല്യാൺ മടങ്ങിയത്.

നഷ്ടപ്പെട്ടു

എന്റെ യുടെ 2014, 643 രജിസ്ട്രേഷൻ നമ്പറിലുള്ള ഡെയ്സിലെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് കേരള ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നഷ്ടപ്പെട്ടു. ഈ സർട്ടിഫിക്കറ്റ് വ്യക്തിക്കു എടുക്കുന്നതിൽ ആർക്കെങ്കിലും കിട്ടുകയോ അറിയുകയോ ചെയ്താൽ 15 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതാണ്

Legal J. Wan
Krupa, Vengakkala, Karakonam
P.O., Thiruvananthapuram

CHANGE OF NAME

I, RAJALEKSHMI SURESH HOLDER OF INDIAN PASSPORT NO E6737927 DO HERE BY CHANGE OF NAME TO (GIVEN NAME RAJALEKSHMI SURNAME KUNJAMMA GOMATHI) AS PER MY AADHAAR NUMBER 7438 1118 0419 FOR ALL PURPOSES. I ALSO UNDERTAKE TO EFFECT THE CHANGE IN MY OTHER PUBLIC DOCUMENTS.

നഷ്ടപ്പെട്ടു

2025 ... 2027 വർഷത്തെ ... എസ്എസ്എൽസി ബുക്ക് നഷ്ടപ്പെട്ടു. പ്രസ്തുത ബുക്കിന്റെ ... കണ്ടെത്തുന്നവർ ... ജീവനക്കാരുടെ ... ഡിപ്പാർട്ട്മെന്റിൽ ... ഏൽപ്പിക്കുന്നതായിരിക്കുന്നതാണ്

Legal J. Wan
Krupa, Vengakkala, Karakonam
P.O., Thiruvananthapuram

നഷ്ടപ്പെട്ടു

മാർച്ച് 2025 ... 10 വർഷത്തെ ... എസ്എസ്എൽസി ബുക്ക് നഷ്ടപ്പെട്ടു. പ്രസ്തുത ബുക്കിന്റെ ... കണ്ടെത്തുന്നവർ ... ഡിപ്പാർട്ട്മെന്റിൽ ... ഏൽപ്പിക്കുന്നതായിരിക്കുന്നതാണ്

Legal J. Wan
Krupa, Vengakkala, Karakonam
P.O., Thiruvananthapuram

തിരുവനന്തപുരം IIIrd അഡീഷണൽ സബ്കോർട്ട് കോടതി സബ്ജഡ്ജ്
OP (SUCC) No.2025
വസ്